# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5756 — 03/11/2016 -ൽ മറുപടിക്ക്

# കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി

## ചോദ്യം

ശ്രീ. പി.ടി.എ.റഹീം

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ ഓവർഹെഡ് ടാങ്കിൽ വെള്ളം എത്തിയിട്ടുണ്ടെങ്കിലും ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൂർണ്ണമായും പ്രയോജനപ്രദമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിൽ, എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ ഇനിയും ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

## മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ഉണ്ട്. ചേളന്നൂർ പഞ്ചായത്തിൽ ഒഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും പദ്ധതിയുടെ ഓവർഹെഡ് ടാങ്കുകളിൽ വെള്ളം എത്തിയിട്ടുണ്ട്.

(ബി) ഓരോ പഞ്ചായത്തിലും ഇനിയും ഇടാൻ ബാക്കിയുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുകളുടെ നീളം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | ബാലുശ്ശേരി | 10.7 കി.മീ. |
| 2. | നന്മണ്ട | 2.00 കി.മീ. |
| 3. | കാക്കൂർ | 26.70 കി.മീ. |
| 4. | ചേളന്നൂർ | 35.8 കി.മീ. |
| 5. | നരിക്കുനി | 49.9 കി.മീ. |
| 6. | കക്കോടി | 27.1 കി.മീ. |
| 7. | കുരുവട്ടൂർ | 31.2 കി.മീ. |
| 8. | തലക്കുളത്തൂർ | 19.00 കി.മീ. |
| 9. | എലത്തൂർ | 52.7 കി.മീ. |
| 10. | കുന്ദമംഗലം | 12.2 കി.മീ. |
| 11. | ഒളവണ്ണ | 64.7 കി.മീ. |
| 12. | പെരുമണ്ണ | 7.8 കി.മീ. |
| 13. | പെരുവയൽ | 35.1 കി.മീ. |
| 14. | കടലുണ്ടി | 5.00 കി.മീ. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയുടെ ഉത്ഘാടനം എന്നാണ് കഴിഞ്ഞത്; ഉത്ഘാടന കർമ്മം ആരാണ് നിർവ്വഹിച്ചതെന്നും വ്യക്തമാക്കാമോ ; | (സി) | 27/02/2015-ന് പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്തു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയാണ് ഉത്ഘാടനകർമ്മം നിർവ്വഹിച്ചത്. |
| (ഡി) | പി.ഡബ്ല്യു.ഡി, നാഷണൽ ഹൈവേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ റോഡുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റി പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; റോഡുകൾ കട്ട് ചെയ്യുന്നതിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | പി.ഡബ്ല്യൂ.ഡി, നാഷണൽ ഹൈവേ എന്നിവയുടെ റോഡുകൾ കട്ട് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ കട്ട് ചെയ്ത ശേഷം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പ്രവൃത്തി ജൈക്ക പദ്ധതിയുടെ കരാറിൽ തന്നെ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി ആണ് നിർവ്വഹിക്കുന്നത്. റോഡുകൾ കട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവരിൽ നിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. 2016 ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ റോഡ് കട്ടിംഗിനു പി.ഡബ്ല്യൂ.ഡി, നാഷണൽ ഹൈവേ അനുവാദം ലഭിച്ചിരുന്നില്ല. അതിന് ശേഷവും പല റോഡുകളിലും കട്ട് ചെയ്ത് പൈപ്പിടുന്നതിന് അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്. 24/10/2016-ന് ജലവിഭവ വകുപ്പ് മന്ത്രി തിരുവനന്തപുരത്ത് എല്ലാ എം.എൽ.എ മാരെയും ഉൾപ്പെടുത്തി വിളിച്ചു ചേർത്ത കോഴിക്കോട് ജില്ലാതല അവലോകന കമ്മിറ്റി യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും, കോഴിക്കോട് ജൈക്ക പ്രവൃത്തി ഉൾപ്പെടുന്ന എല്ലാ നിയോജക മണ്ഡലത്തിലെ എം.എൽ.എ മാരെയും ബന്ധപ്പെട്ട PWD, NH, Local Bodies എന്നീ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർത്ത് പ്രശ്നം പരിഹരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ടി പ്രവൃത്തി പൂർത്തീകരിച്ച് പൂർണതോതിൽ കുടിവെള്ളം ലഭ്യമാക്കാൻ എപ്പോഴേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | 2017 ഡിസംബറിനകം സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/